KANNUR UNIVERSITY
DIRECTORATE OF PHYSICAL EDUCATION
MANGATTUPARAMBA, KANNUR -670567.
dpe@kannuruniv.ac.in

No: DPE/DPE-A2/92/2026 (Part II) Dated 17.10.2026

## വിജ്ഞാപനം

**വിഷയം: 2026-27 അധ്യയന വർഷത്തെ സൗത്ത് സോൺ/ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി പുരുഷ വിഭാഗം ഫുട്ബോൾ ടൂർണമെന്റിനായി ലോഗോ ഡിസൈനുകൾ ക്ഷണിക്കുന്നു.**

കണ്ണൂർ സർവകലാശാലയുടെ ആഭിമുഖ്യത്തിൽ 2026 ഡിസംബറിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള 2026–27 അധ്യയന വർഷത്തെ ഇന്റർ യൂണിവേഴ്സിറ്റി ഫുട്ബോൾ ടൂർണമെന്റിനായി സർഗാത്മകവും നൂതനവുമായ ലോഗോ ഡിസൈനുകൾ ക്ഷണിക്കുന്നു.

ഫുട്ബോളിന്റെ ആവേശം, കായികമനോഭാവം, ടീംവർക്ക്, കണ്ണൂർ സർവകലാശാലയുടെ വ്യക്തിത്വം എന്നിവ പ്രതിഫലിപ്പിക്കുന്ന മൗലികമായ ലോഗോ ഡിസൈനുകൾ സമർപ്പിക്കുന്നതിന് വിദ്യാർത്ഥികൾ, ഡിസൈനർമാർ, സർഗാത്മക താൽപ്പര്യമുള്ള വ്യക്തികൾ, കായിക പ്രേമികൾ , പൊതുജനങ്ങൾ എന്നിവർക്ക് അവസരം നൽകുന്നു. സർവകലാശാല അംഗീകരിക്കുന്ന മത്സര മാർഗനിർദേശങ്ങൾക്ക് വിധേയമായി, വ്യക്തിഗതമായോ ടീമുകളായോ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

### ലോഗോ രൂപകൽപ്പനയ്ക്കുള്ള നിർദേശങ്ങൾ

* ലോഗോ ഫുട്ബോളിനെയും അന്തർസർവകലാശാലാ കായികമത്സരങ്ങളുടെ ആവേശത്തെ പ്രതിനിധീകരിക്കുന്നതും കണ്ണൂർ സർവകലാശാലയുടെ വ്യക്തിത്വം പ്രതിഫലിപ്പിക്കുന്നതും, സർവകലാശാലാ കായികമത്സരങ്ങളുടെ ആവേശവും ചൈതന്യവും ഉൾക്കൊള്ളുന്ന പ്രതീകങ്ങളും ആയിരിക്കണം

*കണ്ണൂർ അല്ലെങ്കിൽ കേരളവുമായി ബന്ധപ്പെട്ട അനുയോജ്യമായ പ്രതീകങ്ങൾ ആയിരിക്കണം

*ഡിസൈൻ മൗലികവും സർഗാത്മകവുമായിരിക്കണം.

*ലോഗോ ദൃശ്യപരമായി വ്യക്തവും സവിശേഷവുമായിരിക്കണം. ബാനറുകൾ, ജേഴ്സികൾ, സർട്ടിഫിക്കറ്റുകൾ, മറ്റ് പ്രചാരണ സാമഗ്രികൾ എന്നിവയിൽ ഉപയോഗിക്കാൻ അനുയോജ്യമായിരിക്കണം.

*സമർപ്പിക്കുന്ന ലോഗോ ഉയർന്ന റെസല്യൂഷനിലുള്ള ഡിജിറ്റൽ ഫോർമാറ്റിലായിരിക്കണം (PNG അല്ലെങ്കിൽ JPEG ഫോർമാറ്റിൽ).

*ലോഗോയുടെ ആശയവും അതിന്റെ അർത്ഥവും വിശദീകരിക്കുന്ന ഹ്രസ്വ വിവരണം, രൂപകൽപ്പന ചെയ്ത വ്യക്തിയുടെ പേരും ബന്ധപ്പെടാനുള്ള വിവരങ്ങളും, അന്തിമ പരിശോധനയ്ക്കായി ആവശ്യപ്പെടുന്ന പക്ഷം, ലോഗോയുടെ എഡിറ്റ് ചെയ്യാവുന്ന സോഴ്സ് ഫയൽ എന്നിവയും നൽകേണ്ടതാണ്

*തിരഞ്ഞെടുക്കപ്പെടുന്ന വിജയി തുടർന്നുള്ള നിർമ്മാണ ആവശ്യങ്ങൾക്കായി SVG, AI അല്ലെങ്കിൽ EPS പോലുള്ള വെക്ടർ ഫോർമാറ്റുകളിലുള്ള ഫയലുകൾ ആവശ്യപ്പെടുകയാണെങ്കിൽ സമർപ്പിക്കേണ്ടതാണ്.

**സമ്മാനത്തുക**

തിരഞ്ഞെടുക്കപ്പെടുന്ന മികച്ച ലോഗോയ്ക്ക് ₹5,001/- (അയ്യായിരത്തി ഒന്ന് രൂപ മാത്രം) സമ്മാനമായി നൽകുന്നതാണ്.

**ലോഗോ സമർപ്പിക്കേണ്ട അവസാന തീയതി**: 10.11.2026

**സമർപ്പിക്കേണ്ട ഇ-മെയിൽ വിലാസം**: dpe@kannuruniv.ac.in

താങ്കളുടെ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും 2026–27 അധ്യയന വർഷത്തെ ഇന്റർ യൂണിവേഴ്സിറ്റി ഫുട്ബോൾ ടൂർണമെന്റിനെ അവിസ്മരണീയമായ കായികമേളയാക്കി മാറ്റുന്നതിൽ പങ്കാളികളാകുന്നതിനും താൽപ്പര്യമുള്ള എല്ലാവരെയും ക്ഷണിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഫോൺ: 0497-2784615**

ഡോ .എ .പ്രവീൺ

കായിക വിദ്യാഭ്യാസ ഡയറക്ടർ

Director
Directorate of Physical Education
Kannur University
Kannur-670567

DIRECTORATE OF PHYSICAL EDUCATION * KANNUR UNIVERSITY * KERALA 670567

പകർപ്പ്:

പബ്ലിക് റിലേഷൻസ് ഓഫീസർ